ശ്രീ. സി. കേശവൻ: ക ൻ ഉ ക — ക ൻ ഉ ഠ-ലെ ബഡ്ഡാറിൽ ഇതിനുവേണ്ടി തുക കൊള്ളിച്ചിട്ടുണ്ട്. ആ കാരണത്താൽ ജോലി തുടങ്ങുകതന്നെ ചെയ്യും.

പെരിങ്ങൽകുത്തു ജീവനക്കാർ

*ക ഉ ക. (നം. ൧൨) ശ്രീ. ഏ. എൽ. ജേക്കബ്. താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പെരിങ്ങൽകുത്തു ജീവനക്കാക്കു അനുവദിച്ചിട്ടുള്ള അലവൻസുകൾ ഏതെങ്കിലും അടുത്തകാലത്തു നിറുത്തലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: ഹിൽ അലവൻസു് നിറുത്തിയതോടുകൂടി കുറേ ആളുകൾ ശമ്പളം വാങ്ങാതിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെ അറിവില്ല.

വിദ്യുച്ഛക്തി വിതരണം

*ക ഉ ഡ. (നം. ൬) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ക ൻ ഉ ക — ക ൻ ഉ ഡ—ൽ കൂടുതൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളിൽനിന്നും എത്ര മാത്രംവീതം?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഉണ്ടു്. പള്ളിവാസൽ പദ്ധതിയിൽ ൭൫ ൦ ൦ കിലോവാട്സു്, ചെങ്കുളം പദ്ധതിയിൽ ക൦, ൦ ൦ ൦ കിലോവാട്സു്.

ചേർത്തല—ആലപ്പുഴ തോടു്

*ക ഉ ന. (നം. ൮൫) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല—ആലപ്പുഴതോടു് വെട്ടിയിടത്തോളംഭാഗം താഴ്ത്തുന്നതിനു ഉദ്ദേശം എന്തു ചെലവുവരും;

(ബി) താഴ്ത്തുന്ന ജോലി ഇനി എന്നാരംഭിക്കും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഏകദേശം അഞ്ചുലക്ഷം രൂപാ.

(ബി) ഡ്രെഡ്ജറുകൾ വന്നുചേർന്ന ഉടൻ പണി ആരംഭിക്കുന്നതാണു്.

ശ്രീ. കുഞ്ഞൻ അയ്യപ്പൻ: ഡ്രെഡ്ജറുകൾ അവിടെനിന്നും മാറ്റിക്കൊണ്ടുപോയിരിക്കുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഡ്രെഡ്ജറുകൾക്കു് കേടുവന്നതുകൊണ്ടു് കേടു തീർക്കാനായി മാറ്റിയതാണു്. താമസിയാതെ വന്നുചേരും.

ശ്രീ. കുഞ്ഞൻ അയ്യപ്പൻ: കേടുവന്നിട്ടല്ല. വേറൊരു സ്ഥലത്തു് ജോലി ചെയ്യിക്കാനായി മാറ്റിക്കൊണ്ടു പോയിരിക്കയാണെന്നറിയാമോ?

ശ്രീ. സി. കേശവൻ: ഏതായാലും ഡ്രെഡ്ജറുകൾ തിരിച്ചുകൊണ്ടുവന്നു് പണി പൂർത്തിയാക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly